**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ സാമ്പത്തിക, സാമൂഹിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക, സാമൂഹിക സ്ഥിതിയെപ്പറ്റി സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പട്ടികജാതി ജനസംഖ്യയുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യം വെച്ച് ആരംഭിച്ച ഡിജിറ്റൽ സർവ്വെയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ വ്യക്തിപരവും കുടുംബപരവും അവരുടെ ഊരുകൾ അടിസ്ഥാനമാക്കിയുമുള്ള വിശദമായ വിവര ശേഖരണം പട്ടികവർഗ്ഗ വികസന വകുപ്പ് പൂർത്തിയാക്കി വരുന്നു. |
| (ബി) | എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ സംരഭകത്വ വികസന പദ്ധതിയിലൂടെ സ്ഥാപിച്ച മെർജിയോസ് ഐ.റ്റി സൊല്യൂഷൻ എന്ന സ്റ്റാർട്ടപ് സ്ഥാപനത്തെയാണ് സർവ്വെ നടത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (സി) | സർവ്വേ നടത്തി ശേഖരിക്കുന്ന വിവരങ്ങളും കണ്ടെത്തലുകളും വിദഗ്ധരുടെ നേതൃത്വത്തിൽ വിശകലനം ചെയ്ത് കരട് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം ആധികാരികത ഉറപ്പ് വരുത്തി ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. |
| (ഡി) | പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയും കേന്ദ്ര വിഹിതവും സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ